**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - തിരൂർ നഗരസഭ - ഭൂരഹിത ഭവനരഹിത പദ്ധതി പ്രകാരം കരാർ വച്ച ശ്രീമതി.ആലിങ്ങൽ സാവിത്രിയുടെ വസ്തുവിന്റെ ആധാരം, കരാർ റദ്ദ് ചെയ്ത് തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

**സ.ഉ(സാധാ)നം.2518/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി, 27.09.2018**

==========================================================

പരാമർശം:- 1) ശ്രീമതി.സാവിത്രി ആലിങ്ങൽ എന്നവരുടെ 14.05.2018ലെ അപേക്ഷ

2) 26.05.2018 തീയതിയിലെ തിരൂർ നഗരസഭാ സെക്രട്ടറിയുടെ കത്ത്

3) സ.ഉ(സാധാ) നം.1174/2018/ത.സ്വ.ഭ.വ തീയതി 25/4/2018

**ഉത്തരവ്**

ഭൂരഹിത ഭവന രഹിത പദ്ധതി പ്രകാരം താമി എന്നയാളുടെ മകളായ ശ്രീമതി.സാവിത്രിയെ ഗുണഭോക്താവായി തെരഞ്ഞെടുത്തിരുന്നു. ആയതു പ്രകാരം ടി ആവശ്യത്തിലേയ്ക്ക് 25000/- രൂപ കൈമാറുകയും, ജീവിത സാഹചര്യം മൂലമുണ്ടായ ദുരിതങ്ങൾ നിമിത്തം ഭവന നിർമ്മാണം പൂർത്തിയാക്കാൻ ടി ഗുണഭോക്താവിന് കഴിഞ്ഞിട്ടില്ലായെന്നും നഗരസഭയിൽ നിന്ന് കൈപ്പറ്റിയ തുക തിരിച്ചടച്ച് ടി അപേക്ഷകയ്ക്ക് ആധാരം തിരികെ ലഭിക്കുന്നതിനായി നഗരസഭയിൽ അപേക്ഷ സമർപ്പിച്ചപ്പോൾ ആയതിനു കൈപ്പറ്റിയ തുകയും പലിശയും പിഴപ്പലിശയും അടവാക്കേണ്ടതുണ്ടെന്ന് അറിയിക്കുകയുണ്ടായിയെന്നും എന്നാൽ ഇത്രയും തുക അടയ്ക്കാൻ അപേക്ഷകയ്ക്ക് ബുദ്ധിമുട്ടാണെന്നും പിഴയും പിഴപ്പലിശയും ഒഴിവാക്കി നൽകണമെന്നും സാവിത്രി അപേക്ഷ സമർപ്പിച്ചുവെന്നും തുടർന്ന് നടത്തിയ അന്വേഷണത്തിൽ ടിയാരി സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ആണെന്ന് ബോധ്യപ്പെട്ടുവെന്നും മേൽ സാഹചര്യത്തിൽ ടിയാരിയുടെ അപേക്ഷ അനുഭാവപൂർവ്വമായി പരിഗണിക്കണമെന്ന് പരാമർശം (2) പ്രകാരം തിരൂർ നഗരസഭാ സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) ഒരു പ്രീസിഡന്റാക്കി പലിശയും പിഴപ്പലിശയും ഒഴിവാക്കി മുതൽ സംഖ്യ മാത്രം തിരിച്ചടപ്പിച്ച് ശ്രീമതി.ആലിങ്ങൽ സാവിത്രിയുടെ പേരിലുള്ള കരാർ റദ്ദ് ചെയ്ത് പ്രമാണം തിരികെ നൽകാൻ തിരൂർ നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരൂർ നഗരസഭ

ശ്രീമതി.സാവിത്രി ആലിങ്ങൽ (തിരൂർ നഗരസഭാ സെക്രട്ടറി മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ